**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **12-09-2023 - ൽ മറുപടിയ്ക്ക്**

**വയോജന പരിപാലനത്തിനുള്ള ദേശീയ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ബജറ്റുകളെക്കുറിച്ചുള്ള റിസർവ്വ് ബാങ്ക് റിപ്പോർട്ടിൽ വയോജന പരിപാലനത്തിൽ സംസ്ഥാനത്തെ പ്രശംസിച്ചു കൊണ്ട് പ്രത്യേക പരാമർശം നടത്തിയിട്ടുണ്ടോ; വയോജനങ്ങൾക്ക് ക്ഷേമ പെൻഷൻ നൽകുന്ന സംസ്ഥാന മാതൃകയെ റിസർവ്വ് ബാങ്ക് റിപ്പോർട്ടിൽ പ്രശംസിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.Reserve Bank of India 2023 ൽ പ്രസിദ്ധീകരിച്ച State Finance : A Study of Budgets of 2022-23 എന്ന റിപ്പോർട്ട് പ്രകാരം കേരളത്തിലെ വയോജനങ്ങളിൽ 49.84 ലക്ഷം പേർക്ക് (76.13% പേർക്ക്) ഏതെങ്കിലും ഒരു പെൻഷൻ ലഭിച്ചു വരുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.കേരളത്തിലെ വയോജനങ്ങളുടെ എണ്ണം 65.46 ലക്ഷം ആണെന്നും ഇവരിൽ 29.34 ലക്ഷം പേർക്ക് ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷനും 3.88 ലക്ഷം പേർക്ക് കർഷക തൊഴിലാളി പെൻഷനും 12.08 ലക്ഷം പേർക്ക് ക്ഷേമനിധി ബോർഡ് പെൻഷനും 4.45 ലക്ഷം പേർക്ക് സർവീസ് പെൻഷനും ലഭിച്ചു വരുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | 2022-23-ലെ പ്രസ്തുത റിസർവ്വ് ബാങ്ക് റിപ്പോർട്ടിൽ സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് എന്തൊക്കെ കാര്യങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്; സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വയോജന പെൻഷന്റെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | Reserve Bank of India 2023 ൽ പ്രസിദ്ധീകരിച്ച State Finance A Study of Budgets of 2022-23 എന്ന റിപ്പോർട്ട് ഇപ്രകാരമാണ്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ വയോജനങ്ങളുടെ എണ്ണം 65.46 ലക്ഷം ആണ്. ഇവരിൽ 29.34 ലക്ഷം പേർക്ക് ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷനും 3.88 ലക്ഷം പേർക്ക് കർഷക തൊഴിലാളി പെൻഷനും 12.08 ലക്ഷം പേർക്ക് ക്ഷേമനിധി ബോർഡ് പെൻഷനും 4.45 ലക്ഷം പേർക്ക് സർവീസ് പെൻഷനും ലഭിച്ചു വരുന്നു. സംസ്ഥാനത്തു ആകെ 49.84 ലക്ഷം പേർക്ക് (76.13% പേർക്ക്) മേൽ പറഞ്ഞത് പ്രകാരം ഏതെങ്കിലും ഒരു പെൻഷൻ ലഭിച്ചു വരുന്നതായാണ് പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | സേവന പെൻഷൻ പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് നിലവിൽ നൽകി വരുന്ന ഇന്ദിരാഗാന്ധി വയോജന പെൻഷൻ തുക പ്രതിമാസം 1600/- രൂപയാണ്.<br><br>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിലെ 29,71,263 ഗുണഭോക്താക്കളിൽ 80 വയസ്സിനു താഴെയുള്ള 3,62,145 ഗുണഭോക്താക്കൾക്ക് 1400/- രൂപ സംസ്ഥാന വിഹിതമായും 200/- രൂപ കേന്ദ്ര വിഹിതമായും നൽകുന്നു. 80 വയസ്സും അതിനു മുകളിലുമുള്ള 87,013 വാർദ്ധകൃകാല പെൻഷൻ ഗുണഭോക്താക്കൾക്ക് 1100/- രൂപ സംസ്ഥാന വിഹിതമായും 500/- രൂപ കേന്ദ്ര വിഹിതമായും നൽകുന്നു. 2023 ഏപ്രിൽ മാസത്തെ കണക്കു പ്രകാരം 28,53,930 വാർദ്ധകൃകാല പെൻഷൻ ഗുണഭോക്താക്കൾക്ക് 426,33,15,800/- രൂപ അനുവദിച്ചിട്ടുമുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും വയോജന പരിപാലനത്തിന് സംസ്ഥാനത്തിന് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | വയോജന ക്ഷേമ രംഗത്ത് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വയോമിത്രം പദ്ധതി ഉൾപ്പെടെയുള്ള വിവിധങ്ങളായ പദ്ധതികളുടെ മികവ് പരിഗണിച്ച് കേന്ദ്ര സർക്കാരിന്റെ "വയോശ്രേഷ്ഠ സമ്മാൻ" പുരസ്കാരം 2017, 2021 വർഷങ്ങളിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.<br><br>വയോസേവന മേഖലയിലെ സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കു പുറമെ വയോജനങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനായുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന വയോജന നയം-2013 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കരട് ബില്ല് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു .വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി സമഗ്രമായ ഒരു വയോജന സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതി നിലവിലുള്ള 91 നഗരസഭ പ്രദേശങ്ങൾക്ക് പുറമേ ബ്ലോക്ക് പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. നിലവിൽ 4 ബ്ലോക്ക് പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലൂടെ വാതിൽപ്പടി സേവനം എന്ന പദ്ധതി മുഖേന ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് |

| | | | |
|---|---|---|---|
| | | | രോഗികൾ, ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്ന പൗരന്മാർ എന്നിവരുടെ വീട്ടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു. 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഡിമെൻഷ്യ/ അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്ക് എന്ന ഒരു പുതിയ പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓർമ്മത്തോണി എന്ന പേരിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. പദ്ധതിയിലൂടെ വയോമിത്രം പദ്ധതി ഗുണഭോക്താക്കൾ ആയിട്ടുള്ള വയോജനങ്ങൾക്കിടയിൽ നിന്നും ഡിമെൻഷ്യ/ അൽഷിമേഴ്സ് ബാധിതരെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും പരിചരണം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.<br><br>സംസ്ഥാനത്ത് വയോജന ക്ഷേമം മുൻ നിർത്തി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1) വയോ അമൃതം: സർക്കാർ വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് സൗജന്യ ആയുർവേദ ചികിത്സയും സാന്ത്വന പരിചരണവും ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് നൽകുന്നതിനു നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. .സംസ്ഥാനത്തെ 16 വൃദ്ധ സദനങ്ങളിലെ താമസക്കാരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

(2) വയോരക്ഷ പദ്ധതി :- മുതിർന്ന പരരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം നൽകുന്ന പദ്ധതിയാണ് വയോരക്ഷ പദ്ധതി . ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയവരോ, സംരക്ഷിക്കാൻ ബന്ധുക്കൾ ഇല്ലാത്തവരോ ആയ നിർധനരായ വയോജനങ്ങൾക്ക് അടിയന്തിര പ്രാഥമിക ശുശ്രൂഷ നല്കൽ, അടിയന്തിര ശസ്ത്രക്രിയ, കോവിഡുമായി ബന്ധപ്പെട്ടുളള ചികിത്സ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം, അത്യാവശ്യ ഘട്ടങ്ങളിൽ വയോജനങ്ങൾക്ക് ഉപയോഗപ്രദമായ സഹായ ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയവയ്ക്ക് പണം ചെലവഴിക്കുന്നതിന് ജില്ല സാമൂഹ്യ ഓഫീസർമാർക്ക് അനുമതി നൽകിയിരിക്കുന്നു

(3) വയോ മധുരം പദ്ധതി :- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രമേഹ രോഗികളായവയോജനങ്ങൾക്ക് ഗ്ലൂക്കോ മീറ്റർ സൗജന്യമായി നൽകുന്ന പദ്ധതിയാണ് വയോമധുരം.

(4) സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി- സർക്കാർ വൃദ്ധ സദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക സേവന നിലവാരം ഉയർത്തുക എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി ആവിഷക്കരിച്ചു നടപ്പിലാക്കി വരുന്നു. ടി പദ്ധതി 2018 ൽ കണ്ണൂർ വൃദ്ധസദനത്തിലാണ് ആരംഭിച്ചത്. ടി പദ്ധതി വിജയകരമായതിനെ തുടർന്ന് മലപ്പുറം, കൊല്ലം ജില്ലകളിലെ വൃദ്ധ സദനങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

(5) ഡിമെൻഷ്യ സെന്ററുകളുടെ പ്രവർത്തനം :- അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിനായി ARDSI യുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും, എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ പരിചരണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു .

(6) വയോമിത്രം :- 65 വയസ്സിനു മുകളിലുള്ളവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി കോർപറേഷൻ /നഗര സഭാ പ്രദേശങ്ങളിൽ മൊബൈൽക്ലിനിക്, പാലിയേറ്റീവ് കെയർ, ഹെല്പ് ഡസ്ക്, കാൺസിലിംഗ് സേവനങ്ങൾഎന്നിവ ലഭ്യമാകുന്ന പദ്ധതിയാണ് വയോമിത്രം. കേരള സാമൂഹ്യ സുരക്ഷാ മിഷൻവഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ആരോഗ്യപരിരക്ഷയും, മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 2011- മുതൽ വയോമിത്രം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ സജജന്യമായി ജീവിതശൈലീ രോഗ നിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് സേവനം, ഹെൽപ്പ്ഡെസ്കിന്റെ സേവനം, കാൺസിലിംഗ് സേവനം, വാതിൽപ്പടി സേവനം എന്നിവ നൽകുന്നുണ്ട്. വയോമിത്രം

ഹെൽപ്പ്ഡെസ്കിലൂടെ പുനരധിവാസം, നിയമസഹായം, ആംബുലൻസ് സേവനം, കിടപ്പിലായ വയോജനങ്ങൾക്കാവശ്യമായ സേവനങ്ങൾ എന്നിവയ്ക്കായി വയോജനങ്ങൾ ബന്ധപ്പെടുമ്പോൾ ബന്ധപ്പെട്ട വയോമിത്രം യൂണിറ്റ് നേരിട്ട് ഇടപെട്ട് ചെയ്യാൻ സാധിക്കുന്നവ നേരിട്ടും അല്ലാത്തവ ബന്ധപ്പെട്ട കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തും ഇവർക്ക് ആവശ്യമായ സേവനം നൽകി വരുന്നു. കൂടാതെ വയോമിത്രം ഗുണഭോക്താക്കളിൽ തന്നെ ഒറ്റപ്പെടൽ അനുവരിക്കുന്നവരും, മാനസിക സംഘർഷം അനുഭവിക്കുന്നവരുമായ വയോജനങ്ങൾക്ക് ആവശ്യമായ കാൺസലിംഗ് കോർഡിനേറ്റർമാർ ഡോക്ടർമാരുമായി ചേർന്ന് നൽകി വരുന്നു.

ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 91 നഗരസഭ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തുകളിലും വളരെ വിജയകരമായി നടപ്പാക്കി വരുന്നു. കൂടാതെ വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി പരിപാടികൾ, വിനോദയാത്രകൾ, വിവിധ ദിനാചരണങ്ങൾ, സൈാഷ്യലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം പദ്ധതി വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോട്ടുകൂടി വയോമിത്രത്തെ നഗരപ്രദേശങ്ങളിലെ മുതിർന്ന പൗരൻമാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു. വയോജനക്ഷേമ രംഗത്ത് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വയോമിത്രം പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളുടെ മികവ് പരിഗണിച്ച് കേന്ദ്ര സർക്കാരിൻറെ "വയോശ്രേഷ്ഠ സമ്മാൻ " പുരസ്കാരം 2017, 2021 വർഷങ്ങളിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലൂടെ "വാതിൽപ്പടി സേവനം" എന്ന പദ്ധതിയിലൂടെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്ന പൗരന്മാരുടെ വീടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി മലബാർ ഗ്രൂപ്പിൻറെ സഹകരണത്തോടെ ജീവിതശൈലി രോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 2015 മുതൽ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ബി.പി, കൊളസ്ട്രോൾ, ഷുഗർ എന്നിവയുടെ മെഷീൻ ടെസ്റ്റുകളും, യൂറിൻ (ഷുഗർ, ആൽബുമിൻ) ഇ.എസ്.ആർ ഒഴികെയുള്ള ബ്ലഡ് കണ്ട് ടെസ്റ്റുകളും, കിഡ്നി ഫംഗ്ഷൻ ടെസ്റ്റുകളും, ഇ.സി.ജി എന്നിവയും, ബില്ലിറൂബിൻ ഹെപ്പറ്റൈറ്റിസ് ബി എന്നീ ടെസ്റ്റുകളും സൗജന്യമായി നടപ്പാക്കി വരുന്നു. 2015 മുതൽ രണ്ട് ജില്ലകളിലായി ഏകദേശം 2000 ത്തിനു മേൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഒന്നര ലക്ഷത്തിനു മേൽ ഗുണഭോക്താക്കൾക്ക് പരിശോധനകളും നടത്തിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഡിമൻഷ്യ/അൽഷ്യമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്ക് എന്ന ഒരു പുതിയ പദ്ധതി കേരള സമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ വയോമിത്രം പദ്ധതി ഗുണഭോക്താക്കൾ ആയിട്ടുള്ള വയോജനങ്ങൾക്കിടയിൽ നിന്നും ഡിമൻഷ്യ/അൽഷ്യമേഴ്സ് ബാധിതരെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും പരിചരണം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(7) എൽഡർലൈൻ പദ്ധതി: മുതിർന്ന പരന്മാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ സഹായത്താൽ സാമുഹ്യനീതി വകുപ്പ് കേരളത്തിൽ നടപ്പിലാക്കി വരുന്ന ദേശീയ പദ്ധതിയാണ് നാഷണൽ ഹെല്പ് ലൈൻ ഫോർ സീനിയർ

സിറ്റിസൺസ് അഥവാ എൽഡർ ലൈൻ.ഇത് വയോജനങ്ങൾക്കായുള്ള ഒരു ടോൾ ഫ്രീ ഹെല്പ് ലൈൻ ആണ് .

(8) സായംപ്രഭാ ഹോം പദ്ധതി :തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധികസാകര്യങ്ങൾ നൽകികൊണ്ട് നവീകരിക്കുന്ന പദ്ധതി. ബന്ധപ്പെട്ട പഞ്ചായത്ത്. മുൻസിപ്പാലിറ്റി/കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.

(9) മാതൃകാ സായം പ്രഭ പദ്ധതി: വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവ്വം ചെലവഴിക്കുന്നതിനും സ്വയംതൊഴിൽ പരിശീലിക്കുന്നതിനും വിവിധ സേവനങ്ങളും ശുശ്രൂഷ സംവിധാനങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ഹെൽപ് ഏജ് ഇന്ത്യ എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(10) മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 നടപ്പിലാക്കുന്ന പദ്ധതി : മെയിൻറനൻസ് കേസുകളുമായി ബന്ധപ്പെട്ട സ്വത്തു തർക്കങ്ങളും, മറ്റ് പരാതികളുടെയും വർദ്ധനവ് മൂലം കേരളത്തിലുടനീളം ട്രൈബ്യൂണലുകളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകളുടെ എണ്ണം വലിയ തോതിൽ വർദ്ധിച്ചിരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ കേസ് നടത്തിപ്പിന് RDO മാരെ സഹായിക്കുന്നതിനായി ട്രൈബ്യൂണലുകളിൽ അടിസ്ഥാന സരകര്യങ്ങൾ ലഭ്യമാക്കി ഓരോ ടെക്നിക്കൽ അസിസ്സ്റ്റന്റുമാരെയും കൺസീലിയേഷൻ ഓഫീസർമാരെയും നിയമിക്കുന്ന പദ്ധതി. കേരളത്തിൽ 27 ട്രൈബ്യൂണലുകളിലായി 27 ടെക് നിക്കൽ അസിസ്റ്റന്റുമാരെയും അവരുടെപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്ററുടെയും സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കൽ, മെഡിക്കൽക്യാമ്പുകൾ, ആക്ട് സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു.

(11) ബോധി പ്രോജക്ട് "മുതിർന്ന പരരന്മാർക്കിടയിൽ അനുദിനം വർദ്ധിച്ചു വരുന്ന ഡിമെൻഷ്യ രോഗത്തെ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ആദ്യ പടിയായി, എറണാകുളം ജില്ലാ ഭരണകൂടവും, കൊച്ചിൻ യുണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക് നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രജ്ന സെന്റർ ഫോർ ന്യൂറോ സയൻസുമായി ചേർന്ന് എറണാകുളം ജില്ലയെ ഡിമെൻഷ്യ ഫ്രണ്ടി ജില്ല ആക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

(12) വയോസേവന അവാർഡ് - വയോജനങ്ങളുടെ ക്ഷേമവും, സുരക്ഷയും ഉറപ്പ വരുത്തുന്നതിനായി വിവിധ പദ്ധതികളും, പ്രവർത്തനങ്ങളും നടപ്പിലാക്കുന്ന വിവിധ വിഭാഗങ്ങൾക്ക് "വയോ സേവന അവാർഡ് എന്ന് നാമകരണത്തിൽ സംസ്ഥാനതല അവാർഡ് നല്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.